# പതിനഞ്ചാം കേരള നിയമസഭ

# പതിനാലാം സമ്മേളനം

2025 സെപ്റ്റംബർ 19, വെള്ളി

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി**

**പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി**

**റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി**

**രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി**

## <u>തൊഴിലാളികൾക്ക് മിനിമം വേതനം</u>

*91 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലാളികൾക്ക് മിനിമം വേതനം നടപ്പിൽ വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സ്ത്രീ-പുരുഷ തൊഴിലാളികളുടെ വേതന അന്തരം കുറയ്ക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) 1948-ലെ മിനിമം വേതന നിയമപ്രകാരം സംസ്ഥാനത്ത് ഉൾപ്പെടുത്തിയിട്ടുള്ള തൊഴിൽ മേഖലകളുടെ എണ്ണം എത്രയാണെന്നും അതിൽ മിനിമം വേതനം നിശ്ചയിച്ച മേഖലകൾ ഏതെല്ലാമെന്നും വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് നിർമ്മാണ, കാർഷിക, കാർഷികേതര മേഖലകളിലെ മിനിമം വേതനം മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ എത്രയധികം ഉയർന്നതാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) തൊഴിലാളികൾക്ക് തുല്യജോലിക്ക് തുല്യവേതനം ലഭിക്കുന്നതിനായി തൊഴിൽ വകുപ്പ് നടത്തുന്ന മാസാന്ത്യ പരിശോധനകളുടെ വിശദാംശം ലഭ്യമാക്കുമോ?

## <u>ക്ഷേമനിധി ബോർഡുകൾ വഴിയുള്ള ആനുകൂല്യങ്ങളുടെ വിതരണം</u>

*92 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ക്ഷേമനിധി ബോർഡുകൾ വഴിയുള്ള പെൻഷനും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിൽ കുടിശിക വന്നിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) അംഗങ്ങളിൽ നിന്ന് അംശദായവും സർക്കാർ സഹായവും സ്വീകരിച്ച് പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകൾ കൃത്യമായി പെൻഷൻ വിതരണം ചെയ്യാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) ക്ഷേമനിധി ബോർഡുകൾ വഴിയുള്ള പെൻഷനും മറ്റ് ആനുകൂല്യങ്ങളും തടസ്സം കൂടാതെ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; വിശദവിവരം നൽകാമോ?

## <u>ദേശീയപാത 66-നിർമ്മാണത്തിലെ അപാകതകൾ</u>

*93 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറത്തെ കൂരിയാട് അടക്കം ദേശീയപാത 66-ന്റെ ഭാഗമായുള്ള റോഡുകൾ തകർന്ന സംഭവങ്ങൾ ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) ദേശീയപാത 66-ലെ നിർമ്മാണത്തിലെ അപാകതകൾ സംബന്ധിച്ച് കേന്ദ്ര സർക്കാരിന് പരാതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് നിരവധി സ്ഥലങ്ങളിൽ ദേശീയ പാത നിർമ്മാണത്തിൽ വിള്ളൽ അടക്കം സംഭവിച്ചിട്ടും സർക്കാർ ഗൗരവപൂർവ്വം ഇടപെടൽ നടത്തുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ?

## <u>പൊതുമരാമത്ത് വകുപ്പ് പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിശദാംശം</u>

*94 **ശ്രീ. എച്ച്. സലാം**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ പൊതുമരാമത്ത് വകുപ്പ് കിഫ്ബി, റീ ബിൽഡ് കേരള, കെ. എസ്. ടി. പി, ആന്വറ്റി സ്കീമുകൾ എന്നിവ മുഖേന പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് കിഫ്ബി, റീ ബിൽഡ്കേരള , കെ. എസ്. ടി. പി, ആന്വറ്റി സ്കീമുൾ എന്നിവ മുഖേന പൂർത്തിയാക്കിയ പ്രവൃത്തികൾ വിശദമാക്കാമോ;

(സി) 2016-21 കാലയളവിൽ പൊതുമരാമത്ത് റോഡുകൾ ബി. എം. & ബി. സി. നിലവാരത്തിൽ നവീകരിച്ചതിന്റെ വിശദവിവരങ്ങൾ ലഭ്യമാണോ; എങ്കിൽ നൽകാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് റോഡുകൾ ബി. എം. & ബി. സി. നിലവാരത്തിൽ നവീകരിച്ചതിന്റെ വിശദവിവരങ്ങൾ നൽകാമോ; നിലവിൽ ഭരണാനുമതി റോഡുകളുടെ വിശദാംശം ലഭ്യമാക്കാമോ?

## ടൂറിസം മേഖലയിലെ ആനുകൂല്യങ്ങൾ

*95 **ശ്രീ. കെ. ആൻസലൻ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയ്ക്ക് വ്യവസായ മേഖലയ്ക്ക് സമാനമായ ആനുകൂല്യങ്ങൾ നൽകുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ടൂറിസം മേഖലയിൽ നിക്ഷേപം നടത്തുന്നവർക്കായി എന്തെല്ലാം ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്;

(സി) അൻപത് വർഷത്തിലധികം പഴക്കമുള്ള കെട്ടിടങ്ങൾ ഹെറിറ്റേജ് ടൂറിസം മേഖലയ്ക്ക് ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) ടൂറിസം ഇൻവെസ്റ്റേഴ്സ് ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രധാന ലക്ഷ്യം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം

*96 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. എം.വിജിൻ**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ 9 വർഷത്തിനിടെ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) സ്കൂളുകളിലെ സ്മാർട്ട് ക്ലാസ് മുറികളിൽ ഹൈടെക് ലാബുകൾ ഒരുക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്;

(സി) സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പാക്കുന്നതിൽ പി.ടി.എ. യുടെയും തദ്ദേശസ്ഥാപനങ്ങളുടെയും പൂർവ്വ വിദ്യാർത്ഥി സമൂഹങ്ങളുടെയും പങ്കാളിത്തം

എങ്ങനെയാണ് ഉറപ്പുവരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ സ്കൂളുകൾ ദേശീയ തലത്തിൽ മുൻ നിരയിലെത്താൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## റോഡുകളുടെ നവീകരണം

*97 **ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിംഗുകളിലായി എത്ര കിലോമീറ്റർ റോഡുകളാണ് നവീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിൽ പൊതുമരാമത്ത് വകുപ്പിന്റേതല്ലാത്ത എത്ര കിലോമീറ്റർ റോഡുകൾ നവീകരിച്ചിട്ടുണ്ടെന്ന വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് റോഡുകളുടെ നവീകരണത്തിന് എല്ലാ വിംഗുകളിലുമായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ പകുതി റോഡുകൾ ബി. എം. & ബി. സി. നിലവാരത്തിലേയ്ക്ക് ഉയർത്തണമെന്ന പ്രഖ്യാപനം എത്രമാത്രം പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഇ) എത്ര കിലോമീറ്റർ റോഡുകൾ ഇതിനകം ബി. എം. & ബി. സി. നിലവാരത്തിലേയ്ക്ക് മാറ്റുന്നതിന് സാധിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## ദേശീയ വിദ്യാഭ്യാസ നിലവാര സർവ്വേ 2021

*98 **ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ ഡി കെ മുരളി**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ലെ ദേശീയ വിദ്യാഭ്യാസ നിലവാര സർവേയിൽ സംസ്ഥാനം നേടിയ മുന്നേറ്റത്തെക്കുറിച്ച് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ വിദ്യാർത്ഥികൾ ദേശീയ തലത്തിൽ മികവ് നേടുന്നതിന് കാരണമായ അനുകൂല ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ദേശീയ സർവേയിലെ കണ്ടെത്തലുകൾ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ നയരൂപീകരണത്തെ എപ്രകാരമാണ് സ്വാധീനിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിന് ഈ സർക്കാർ മുന്നോട്ടുവയ്ക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## ഹൗസ് ബോട്ടുകളുടെ എണ്ണത്തിൽ നിയന്ത്രണം ഏർപ്പെടുത്താൻ നടപടി

*99 **ശ്രീ എം രാജഗോപാലൻ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ എം മുകേഷ്**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായലുകളുടെ കാരിയിംഗ് കപ്പാസിറ്റി വിലയിരുത്തി ഹൗസ് ബോട്ടുകളുടെ എണ്ണത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഹൗസ് ബോട്ടുകളും റിസോർട്ടുകളും കായലുകളിൽ മാലിന്യം തള്ളുന്നത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(സി) ഹൗസ്ബോട്ടിൽ നിന്നുള്ള മാലിന്യം സംസ്കരിക്കുന്നതിനായി സർക്കാർ സ്ഥാപിച്ച സെപ്റ്റേജുകളുടെ പ്രവർത്തന രീതി വിശദമാക്കാമോ;

(ഡി) നിയമസഭാ സമിതികളുടെ നിർദേശാനുസരണം കായലുകളുടെ കാരിയിംഗ് കപ്പാസിറ്റിയും ഹൗസ് ബോട്ട് മേഖലയിലെ പ്രശ്നങ്ങളും സംബന്ധിച്ച് സമർപ്പിച്ച പഠന റിപ്പോർട്ടിന്റെ പ്രധാന ശിപാർശകൾ എന്തൊക്കെയാണ്;

(ഇ) അനധികൃത ഹൗസ്ബോട്ടുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനായി സർക്കാർ ഏർപ്പെടുത്തിയ ലൈസൻസിംഗ്, ക്ലാസിഫിക്കേഷൻ സംവിധാനത്തിന്റെ പ്രത്യേകതകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ് പദ്ധതി

*100 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ് പദ്ധതി ആരംഭിച്ചതിന്റെ പ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതിയിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ലിറ്റിൽ കൈറ്റ്സ് ക്ലബ്ബുകൾ വഴി വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന പരിശീലനങ്ങളും ഐ. ടി. സൗകര്യങ്ങളും എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി വിദ്യാർത്ഥികളുടെ ഭാവി തൊഴിൽ സാധ്യതകൾക്ക് സഹായകരമാണോ; വിശദമാക്കുമോ;

(ഇ) സംസ്ഥാനത്തുടനീളം പ്രസ്തുത പദ്ധതി വിജയകരമായി നടപ്പാക്കുന്നതിനായി സർക്കാർ നൽകിയ സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

## വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കാൻ പദ്ധതി

*101 **ശ്രീമതി ദെലീമ**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അറിയിക്കുമോ;

(ബി) കുസാറ്റുമായി ചേർന്ന് ആരംഭിച്ച സ്റ്റീം എക്കോ സിസ്റ്റം പദ്ധതിയും ടെക് ടാലന്റ് പ്രതിഭാ പോഷണ പദ്ധതിയും വിശദമാക്കുമോ;

(സി) സഹിതം പോർട്ടലുകൾ വഴിയുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത പഠന വിശകലന സംവിധാനം വിശദമാക്കാമോ;

(ഡി) വായനാ വസന്തം പരിപാടിയുടെ ഭാഗമായി എന്തെല്ലാം കാര്യങ്ങളാണ് നടപ്പിൽ വരുത്തിയതെന്ന് വ്യക്തമാക്കാമോ?

## പ്രത്യേക ആവശ്യങ്ങൾക്കായി പതിച്ചു നൽകിയ ഭൂമിയുടെ വിനിയോഗം

*102 **ശ്രീ പി എസ് സുപാൽ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേക ആവശ്യങ്ങൾക്കായി പതിച്ചു നൽകിയ ഭൂമി പതിച്ചു നൽകിയ ആവശ്യങ്ങൾക്കല്ലാതെ പട്ടയമുടമകൾ വിനിയോഗിക്കേണ്ടിവന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പട്ടയ ഭൂമിയിൽ ജീവനോപാധികൾക്കായി നടത്തിയ ചെറു നിർമ്മാണങ്ങളും വകമാറ്റിയുള്ള ഉപയോഗവും ക്രമീകരിച്ച് നൽകേണ്ട ആവശ്യം വിലയിരുത്തിയിട്ടുണ്ടോ; ഇതിനാവശ്യമായ ചട്ടങ്ങളിൽ ഭേദഗതികൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) പട്ടയഭൂമിയിലെ ഇത്തരത്തിലുള്ള ഉപയോഗം ക്രമീകരിക്കുന്നതിന് നിശ്ചിത കാലപരിധി നിശ്ചയിച്ചിട്ടുണ്ടോയെന്നും എങ്കിൽ നിശ്ചിത കാലപരിധിക്ക് ശേഷമുള്ള നിർമ്മാണം ക്രമീകരിക്കുന്നതിന് സൗകര്യമൊരുക്കുമോയെന്നും വ്യക്തമാക്കാമോ?

## ആരോഗ്യകരമായ തൊഴിൽ ബന്ധങ്ങൾ വളർത്താൻ നടപടി

*103 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യകരമായ തൊഴിൽ ബന്ധങ്ങൾ വളർത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ചുമട്ടുതൊഴിലാളികളുടെ തൊഴിലും വരുമാനവും സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) നോക്കുകൂലി പ്രശ്നം പരിഹരിക്കുന്നതിനായി ജില്ലാതലത്തിൽ ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തെല്ലാമാണ്; അതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ചുമട്ടുതൊഴിലാളികളുടെ ബോധവൽക്കരണത്തിനും പരിശീലനത്തിനും നടത്തിയ പ്രധാന പരിപാടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

## സ്കൂളുകളിൽ സുരക്ഷാ ഓഡിറ്റ്

*104 **ശ്രീമതി കെ. കെ. രമ**

**ശ്രീ. എ. പി. അനിൽ കുമാർ**

**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകളിലെ സുരക്ഷാപ്രശ്നങ്ങൾ പരിശോധിക്കാൻ ഓഡിറ്റ് നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിൽ എട്ടാം ക്ലാസ് വിദ്യാർത്ഥി ഷോക്കേറ്റ് മരിച്ചതും ചെല്ലാനത്ത് നിർമ്മാണം പൂർത്തിയാക്കിയ സ്കൂൾ കെട്ടിടത്തിൽ ചോർച്ചയും ഭിത്തിയിൽ വിള്ളലും രൂപപ്പെട്ടതും തൃശ്ശൂർ കോടാലിയിൽ സ്കൂൾ ഓഡിറ്റോറിയത്തിന്റെ മേൽക്കൂര തകർന്നതും ഉൾപ്പെടെയുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സുരക്ഷാ പ്രശ്നങ്ങൾ പരിശോധിക്കാൻ ഒരു സമഗ്ര ഓഡിറ്റ് നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

## സ്കൂളുകളിൽ സുരക്ഷ ഉറപ്പാക്കാൻ നടപടി

*105 **ശ്രീ. എൻ. ഷംസുദ്ദീൻ**

**ശ്രീ. പി. ഉബൈദുള്ള**

**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിൽ വിദ്യാർത്ഥി ഷോക്കേറ്റു മരിച്ച സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കുറ്റക്കാരായവർ ആരെല്ലാമാണെന്ന് പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സുരക്ഷ ഒരുക്കുന്നതിൽ വീഴ്ചവരുത്തിയ മാനേജ്മെന്റിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ;

(സി) അദ്ധ്യയനവർഷം ആരംഭിക്കുന്നതിന് മുൻപ് സ്കൂളുകളുടെ സുരക്ഷ ഉറപ്പാക്കണമെന്ന നിർദേശം പാലിക്കാത്തവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## <u>മലബാർ-മലനാട് റിവർ ക്രൂയിസ് പദ്ധതി</u>

*106 **ശ്രീ. എം.വിജിൻ**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ-മലനാട് റിവർ ക്രൂയിസ് പദ്ധതിയുടെ വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി സ്വദേശി ദർശൻ സ്കീമിൽ ഉൾപ്പെടുത്തിയതിന് ശേഷമുള്ള പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ച് സമഗ്ര വികസന പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ഡി) ഈ പദ്ധതിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിൽ പൂർത്തീകരിച്ച ബോട്ട് ടെർമിനലുകളുടെ വിശദാംശങ്ങൾ നൽകാമോ;

(ഇ) പദ്ധതി പൂർത്തിയാക്കുന്നതിലൂടെ ലഭ്യമാകുന്ന പ്രാദേശിക തൊഴിൽ സാധ്യതകളും സാമ്പത്തിക പ്രയോജനങ്ങളും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

## <u>പൈതൃക ടൂറിസം പദ്ധതികൾ</u>

*107 **ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ നടപ്പാക്കുന്ന പ്രധാനപ്പെട്ട പൈതൃക ടൂറിസം പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മുസിരിസ് പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി പൂർത്തീകരിച്ച പ്രധാന പ്രവർത്തനങ്ങൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

(സി) ആലപ്പുഴ പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി പൂർത്തിയാക്കിയ പ്രധാന പദ്ധതികളുടെ വിശദാംശം നൽകാമോ;

(ഡി) സ്പൈസസ് റൂട്ട് പദ്ധതിയുടെ ലക്ഷ്യവും നിലവിലെ പുരോഗതിയും വിശദമാക്കാമോ;

(ഇ) പാലക്കാട് ജില്ലയിൽ ആവിഷ്കരിച്ച പൈതൃക-സാംസ്കാരിക വിനോദസഞ്ചാര പദ്ധതിയുടെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## ഭൂമിയുടെ പോക്കുവരവിന് ഇന്റഗ്രേറ്റഡ് പോർട്ടൽ

*108 **ശ്രീ വി ശശി**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട നടപടികൾ സുതാര്യവും ലളിതവും കാര്യക്ഷമവുമാക്കേണ്ടതിന്റെ ആവശ്യകത പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) റവന്യൂ, സർവേ, രജിസ്ട്രേഷൻ വകുപ്പുകളുടെ സംയോജിത പോർട്ടൽ നിലവിൽ വരുന്നതോടെ ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വേഗത്തിൽ തീർപ്പാക്കുന്നതിന് കഴിയുമോ; വിശദമാക്കാമോ;

(സി) ഡിജിറ്റൽ സർവേ പൂർത്തീകരിച്ച വില്ലേജുകളിൽ ഭൂമിയുടെ പോക്കുവരവ് നടപടികളോടൊപ്പം സർവേ സ്കെച്ച് ഉൾപ്പടെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) അപ്പാർട്ട്മെന്റുകളിലെയും ഫ്ലാറ്റുകളിലെയും വിഭജിക്കപ്പെടാത്ത അവകാശങ്ങൾ സംയോജിത പോർട്ടൽ വഴി പോക്കുവരവ് ചെയ്യുന്നതിനുള്ള സൗകര്യം ഉറപ്പാക്കുമോയെന്ന് വ്യക്തമാക്കാമോ?

## കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിൽ എട്ടാം ക്ലാസ് വിദ്യാർത്ഥി ഷോക്കേറ്റു മരിച്ച സംഭവം

*109 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ വൈദ്യുതി ലൈനിൽ നിന്നടക്കമുള്ള സുരക്ഷാ പ്രശ്നങ്ങൾ ഉണ്ടാകുന്നത് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(ബി) കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിൽ എട്ടാം ക്ലാസ് വിദ്യാർത്ഥി ഷോക്കേറ്റ് മരിച്ച സംഭവത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## ടൂറിസം മേഖലയിൽ അനധികൃത റിസോർട്ടുകളും ഹോം സ്റ്റേകളും നിയന്ത്രിക്കാൻ

*110 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ഡോ. എം. കെ. മുനീർ**
**ശ്രീ. എ. കെ. എം. അഷ്റഫ്**

**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം മേഖലകളിൽ അനധികൃത റിസോർട്ടുകളും ഹോം സ്റ്റേകളും പ്രവർത്തിച്ചു വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത്തരം സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യവും സുരക്ഷാ സംവിധാനവും ഇല്ലായെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം അനധികൃത സ്ഥാപനങ്ങളിൽ ഏതെങ്കിലും തകർന്ന് വീണ് വിനോദ സഞ്ചാരികൾക്ക് അപകടം ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ;

(ഡി) വിനോദ സഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## <u>വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠന സൗകര്യങ്ങൾ</u>

*111 **ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ എം നൗഷാദ്**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സ്കൂളുകളിലെ ഐ. സി. ടി. ലാബുകൾ, സ്മാർട്ട് ക്ലാസ് മുറികൾ, ഹൈ-സ്പീഡ് ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങളുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠന സഹായങ്ങൾ ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഓൺലൈൻ പഠനത്തിനായി ഒരുക്കിയിട്ടുള്ള ഇ-ടെക്സ്റ്റ് ബുക്കുകൾ, വെബ്സൈറ്റുകൾ, മൊബൈൽ ആപ്ലിക്കേഷനുകൾ എന്നിവയുടെ പ്രയോജനം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## <u>മലയോര ഹൈവേ പദ്ധതി</u>

*112 **ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) മലയോര ഹൈവേ പദ്ധതിയിൽ ഇപ്പോൾ നടക്കുന്ന വിവിധ റീച്ചുകളിലെ

പ്രവൃത്തികൾ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി നിലവിൽ എത്ര കോടി രൂപയുടെ സാമ്പത്തിക അനുമതിയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം റീച്ചുകളിലെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്; വിശദമാക്കാമോ;

(ഇ) പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ഭൂപതിവ് നിയമ ഭേദഗതി

*113 **ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1960-ൽ നിയമസഭ പാസാക്കിയ ഭൂമി പതിച്ചു കൊടുക്കൽ നിയമത്തിന്റെ പ്രധാന ലക്ഷ്യം എന്തായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) 1964-ലെ ഭൂപതിവ് ചട്ടപ്രകാരം പട്ടയഭൂമി ഏത് ആവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കണമെന്നായിരുന്നു വ്യവസ്ഥ; വിശദമാക്കാമോ;

(സി) മൂന്നാർ പ്രദേശത്തെ നിർമ്മാണപ്രവർത്തനങ്ങൾ 2010-ൽ ഹൈക്കോടതി ഉത്തരവുപ്രകാരം നിർത്തിവെക്കേണ്ടിവന്നതിന്റെ പ്രധാന കാരണം എന്തായിരുന്നു; വ്യക്തമാക്കാമോ;

(ഡി) ഭൂപതിവ് നിയമഭേദഗതി കൊണ്ടുവരാൻ സർക്കാർ മുന്നോട്ടുവന്നതിന്റെ പ്രധാന ഉദ്ദേശ്യം എന്താണെന്ന് വ്യക്തമാക്കാമോ?

## പൊതു വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താൻ നടപടി

*114 **ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഐ. ടി. അധിഷ്ഠിത അദ്ധ്യയനത്തിന് ഊന്നൽ നൽകുന്നതിനായി നടപ്പിലാക്കിയ ടെക്കി ടീച്ചർ പദ്ധതി ഉൾപ്പെടെയുള്ള അദ്ധ്യാപക പരിശീലന പരിപാടികളുടെ വിശദാംശങ്ങളും ഇതിലൂടെ കൈവരിച്ച നേട്ടങ്ങളും വ്യക്തമാക്കാമോ;

(സി) പാർശ്വവൽകൃത മേഖലകളിലെ ജനങ്ങൾ തിങ്ങിപാർക്കുന്ന പ്രദേശങ്ങളിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സ്കൂളുകളിൽ സ്ഥാപിച്ച ടിങ്കറിംഗ് ലാബുകൾ മുഖേന നടപ്പാക്കിയ പ്രോഗ്രാമുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## താമരശ്ശേരി ചുരം റോഡിലെ യാത്രാ പ്രശ്നം പരിഹരിക്കാൻ നടപടി

*115 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായുണ്ടാകുന്ന മണ്ണിടിച്ചിൽ മൂലം താമരശ്ശേരി ചുരത്തിലൂടെ വയനാട്ടിലേക്കും തിരിച്ചുമുള്ള യാത്രയ്ക്ക് ഏറെ ബുദ്ധിമുട്ടനുഭവിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ചുരത്തിലെ കൊടുംവളവുകൾ വീതി കൂട്ടി നവീകരിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) മണ്ണിടിച്ചിൽ സാധ്യതയുള്ള സ്ഥലങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ചുരം പാതയിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## പാഠ്യപദ്ധതി പരിഷ്കരണം

*116 **ശ്രീ. പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലെ പാഠ്യപദ്ധതി പരിഷ്കരണം സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കുമോ; ഇതിന്റെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പുതുക്കിയ പാഠ്യപദ്ധതി സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കാര്യങ്ങളെ സംബന്ധിച്ച പരാതികളാണ് പ്രധാനമായും ലഭിച്ചത്; പ്രസ്തുത പരാതികളിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്ത് ഹയർ സെക്കണ്ടറിതലത്തിലെ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ പുരോഗതി അറിയിക്കുമോ; ഇത് എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ; ഏതൊക്കെ ഏജൻസികൾ മുഖേനയാണ് ഇത് നടപ്പിലാക്കുന്നത്; വിശദാംശം അറിയിക്കുമോ;

(ഡി) കുട്ടികൾക്ക് ജീവൻരക്ഷാ സംബന്ധമായ കാര്യങ്ങളിൽ പ്രാഥമികജ്ഞാനം ലഭിക്കുന്ന തരത്തിലുള്ള സംഗതികൾ പുതിയ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## ദേശീയപാതയുടെ നിർമ്മാണം കുറ്റമറ്റതാക്കാൻ നടപടി

*117 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ചുമതലയിലുള്ള ദേശീയപാത 66-ന്റെ കേരളത്തിലെ നിർമ്മാണപ്രവർത്തനങ്ങളുടെ ആരംഭത്തിൽ തന്നെ വലിയ രീതിയിലുള്ള വീഴ്ചകൾ സംഭവിച്ചിട്ടുള്ളതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) നിർമ്മാണത്തിലിരിക്കുന്ന ദേശീയപാതയുടെ വിവിധ ഭാഗങ്ങൾ തകർന്ന് ഗതാഗതം തടസ്സപ്പെടുന്ന സാഹചര്യം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത ദേശീയപാതയുടെ രൂപരേഖ തയ്യാറാക്കിയപ്പോൾ ഭൂമിയുടെ കിടപ്പും മണ്ണിന്റെ സ്വഭാവവും ശാസ്ത്രീയ പരിശോധനകൾക്ക് വിധേയമാക്കിയിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

## ദേശീയ പാത 66-ന്റെ നിർമ്മാണത്തിൽ സംസ്ഥാന സർക്കാരിന്റെ ചുമതലകൾ

*118 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത 66-ന്റെ നിർമ്മാണത്തിൽ സംസ്ഥാന സർക്കാരിന്റെ ചുമതലകൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ദേശിയപാത നിർമ്മാണത്തിലെ അശാസ്ത്രീയതയും അഴിമതിയും സംബന്ധിച്ച് സംസ്ഥാന സർക്കാർ അന്വേഷണം നടത്തുകയോ കേന്ദ്ര സർക്കാരിനോട് അന്വേഷണത്തിന് ആവശ്യപ്പെടുകയോ ചെയ്തിട്ടുണ്ടോ;

(സി) കേരളത്തിലെ കാലാവസ്ഥയ്ക്ക് അനുസൃതമായുള്ള നിർമ്മാണമല്ല മലപ്പുറത്തെ കൂരിയാട് അടക്കമുള്ള ദേശിയപാത 66-ന്റെ നിർമ്മാണത്തിൽ നടന്നത് എന്നത് വസ്തുതയാണോ; വിശദമാക്കാമോ?

## കാലാവസ്ഥ വ്യതിയാനത്തിനനുസൃതമായ റോഡ് നിർമ്മാണം

*119 **ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകൾ കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്ന തരത്തിൽ പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) വെബ് അധിഷ്ഠിത റോഡ് മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും അതിന്റെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തിയിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(സി) റോഡുകൾ ശക്തിപ്പെടുത്തുന്നതിനും അറ്റകുറ്റപ്പണികളിലെ കാലതാമസം ഒഴിവാക്കുന്നതിനും ചെലവ് കുറയ്ക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## <u>കേരളത്തെ ആഗോള വിനോദസഞ്ചാരത്തിന്റെ ആകർഷണ കേന്ദ്രമാക്കാൻ നടപടി</u>

*120 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ, നഗര വ്യത്യാസമില്ലാതെ കേരളത്തെ ആഗോള വിനോദസഞ്ചാരത്തിന്റെ പ്രധാന ആകർഷണ കേന്ദ്രമാക്കുകയെന്ന ലക്ഷ്യത്തോടെ ഈ സർക്കാർ ആഗോള ടൂറിസം വിപണിയിൽ നടത്തിയ ഇടപെടലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങൾ ശുചിത്വപൂർണ്ണവും പരിസ്ഥിതി സൗഹൃദവും ആകർഷകവുമാക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമാണ്;

(സി) സംസ്ഥാനത്തെ ഉത്സവങ്ങളും ആഘോഷങ്ങളും ഇവിടെ എത്തുന്ന സഞ്ചാരികളുടെ പ്രധാന ആകർഷണമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കുന്നത്; വിശദമാക്കാമോ;

(ഡി) വിനോദസഞ്ചാരമേഖലയുടെ നൂതനകാലത്തെ സാഹചര്യങ്ങളും സാധ്യതകളും പരിഗണിച്ച് ഈ മേഖലയുടെ ഭാവികാല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദീകരിക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2025 സെപ്റ്റംബർ 11, വ്യാഴം

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].